"ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

കൃഷി വകുപ്പ് - കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ - ഇടുക്കി ജില്ലയിലെ കോടിക്കുളം സർവ്വീസ് സഹകരണ ബാങ്കിൽ നിന്നും വായ്പയെടുത്ത ശ്രീ. എം. ജോസഫ് ജോസ് മേട്ടുംപുറത്ത്, കാളിയാർ എന്ന കർഷകന്റെ അപേക്ഷയിന്മേൽ കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ പുറപ്പെടുവിച്ച അന്തിമ ഉത്തരവിൽ ശിപാർശ ചെയ്തിട്ടുള്ള കടാശ്വാസ തുക വിതരണം ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി (കൃഷി) വകുപ്പ്**

സ.ഉ.(സാധാ) നം.182/2026/AGRI തീയതി,തിരുവനന്തപുരം, 23-02-2026

---

പരാമർശം:-
1. സ.ഉ.(സാധാ) നം.1283/2015/കൃഷി, തീയതി, 28/07/2015.
2. കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ സെക്രട്ടറിയുടെ 01/04/2013 -ലെ പിബി.1706/2021/കെഎസ്എഫ്ഡിആർസി നമ്പർ കത്ത്.
3. സഹകരണ സംഘം രജിസ്ട്രാറുടെ 12/03/2018 തീയതിയിലെ സിജി(2)14099/17 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ഇടുക്കി ജില്ലയിലെ കോടിക്കുളം സർവ്വീസ് സഹകരണ ബാങ്കിലെ വായ്പക്കാരനായ ശ്രീ. എം. ജോസഫ് ജോസ് മേട്ടുംപുറത്ത്, കാളിയാർ കടാശ്വാസം ലഭിക്കുന്നതിനായി കർഷകർ കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ മുമ്പാകെ നൽകിയിരുന്ന വ്യക്തിഗത അപേക്ഷയിൽ തീർപ്പ കൽപ്പിക്കുന്നതിന് കമ്മീഷൻ പുറപ്പെടുവിച്ച അന്തിമ ഉത്തരവിൽ ശിപാർശ ചെയ്തിട്ടുള്ള കടാശ്വാസത്തുക 1,00,000/- (ഒരു ലക്ഷം രൂപ മാത്രം) അനുവദിക്കണമെന്ന് പരാമർശം (2) പ്രകാരം കമ്മീഷൻ സെക്രട്ടറി സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു.

2) പരാമർശം (1) പ്രകാരം നിർദ്ദേശിച്ചിട്ടുള്ള പരിശോധനകൾക്ക് ശേഷം ടി അന്തിമ ഉത്തരവിൽ ആകെ 1,00,000/- (ഒരു ലക്ഷം രൂപ മാത്രം) അർഹതയുണ്ടെന്ന് പരാമർശം (3) പ്രകാരം സഹകരണ സംഘം രജിസ്ട്രാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3) സർക്കാർ ഇക്കാര്യം പരിശോധിച്ചു. കടാശ്വാസ വിതരണത്തിനായി 2025-26 സാമ്പത്തിക വർഷത്തെ 2401-00-104-86(01)-34-3 N-V -Debt Relief Commission ശീർഷകത്തിൽ ബഡ്ജറ്റ് വിഹിതമായി അനുവദിച്ച തുകയിൽ നിന്നും 1,00,000/- (ഒരു ലക്ഷം രൂപ മാത്രം) ഇടുക്കി ജില്ലയിലെ കോടിക്കുളം സർവ്വീസ് സഹകരണ ബാങ്കിന് ബഡ്ജറ്റ് അലോക്കേഷൻ ആന്റ് മോണിറ്ററിംഗ് സിസ്റ്റം (BAMS) വഴി വിതരണം ചെയ്യുന്നതിന് കൃഷി വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

4) കൃഷി ഡയറക്ടർ 2401-00-104-86(01)-34-3 N-V -Debt Relief Commission എന്ന

ശീർഷകം ബഡ്ജറ്റ് അലോക്കേഷൻ ആന്റ് മോണിറ്ററിംഗ് സിസ്റ്റത്തിലെ (BAMS) ആവശ്യമായ വിഹിതവുമായി സഹകരണ സംഘം രജിസ്ട്രാർക്ക് ക്രോസ് മാപ്പ് ചെയ്ത് നൽകേണ്ടതും സഹകരണ സംഘം രജിസ്ട്രാർ ഓഫീസിലെ ഡ്രോയിംഗ് ആന്റ് ഡിസ്ബേഴ്സിംഗ് ഓഫീസർ (DDO) ടി തുക ബിൽ ഇൻഫർമേഷൻ ആന്റ് മാനേജ്മെന്റ് സിസ്റ്റം (BiMS) മുഖേന പിൻവലിച്ച് ഇടുക്കി ജില്ലയിലെ കോടിക്കുളം സർവ്വീസ് സഹകരണ ബാങ്കിന് വിതരണം ചെയ്യേണ്ടതുമാണ്.

5) തുക വിതരണം ചെയ്തശേഷം കൃഷി ഡയറക്ടർ വിനിയോഗ സർട്ടിഫിക്കറ്റ് ലഭ്യമാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനൂപ് എം ആർ
ജോയിന്റ് സെക്രട്ടറി

ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, തിരുവനന്തപുരം.
സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം
സെക്രട്ടറി, കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ, വെൺപാലവട്ടം, ആനയറ പി.ഒ., തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.
ജില്ലാ ട്രഷറി ഓഫീസർ, ജില്ലാ ട്രഷറി, തിരുവനന്തപുരം
ധനകാര്യ വകുപ്പ് ( 16.02.2026 തീയതിയിലെ E:2072273/Agri-C1/96/2022-FIN പ്രകാരം)
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
**Signed by Vineesh Kumar G**
**Date: 23-02-2026 16:55:05**

സെക്ഷൻ ഓഫീസർ

പകർപ്പ്:- ബഹു. കൃഷി വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്